# സർക്കുലർ

നം.പി.എൽ(3)/50378/11/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം. തീയതി:23/06/2014

**വിഷയം:-** പൊതു വിദ്യാഭ്യാസം - ഇൻസ്പെയർ അവാർഡ് 2013-14 ജില്ലാതല എക്സിബിഷൻ മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്.

**സൂചന:-** 19/05/2014ലെ ശാസ്ത്ര-സാങ്കേതിക വകുപ്പിന്റെ ഡി.ഒ. നം.12011/60/2013-ാം നമ്പർ കത്ത്.

കേന്ദ്ര ശാസ്ത്രവകുപ്പിന്റെ നേതൃത്വത്തിൽ രാജ്യത്തൊട്ടാകെ 10നും 15നും ഇടയിൽ പ്രായമുള്ള 6 മുതൽ 10-ാം ക്ലാസ്സുവരെയുള്ള സ്കൂൾ കുട്ടികൾക്കിടയിൽ നിന്നും ശാസ്ത്രഗണിത പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി കേരളത്തിലെ സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ നിന്നും തെരഞ്ഞെടുത്ത പ്രതിഭകൾക്കായി ജില്ലാടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്ന ശാസ്ത്ര-ഗണിതശാസ്ത്ര എക്സിബിഷൻ 31/07/2014നകം പൂർത്തിയാക്കേണ്ടതാണ്. സ്കൂൾ തലത്തിൽ തെരഞ്ഞെടുത്ത കുട്ടികൾക്ക് ജില്ലാതല എക്സിബിഷനിൽ പങ്കെടുക്കുന്നതിനും, പ്രോജക്ട് തയ്യാറാക്കുന്നതിനും പ്രദർശനത്തിനും വേണ്ടിയുള്ള വാറന്റ് തുകയായ 5,000/-രൂപ ഇതിനോടകം വിതരണം ചെയ്തു കഴിഞ്ഞിട്ടുണ്ട്.

1) ഓരോ വർഷവും 2 ലക്ഷം ശാസ്ത്ര പ്രതിഭകളെ ദേശീയ തലത്തിൽ (6 മുതൽ 10-ാം ക്ലാസ്സുവരെയുള്ള വിദ്യാർത്ഥികളിൽ നിന്നും) കണ്ടെത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം.
2) കുട്ടികൾക്ക് നൽകിയ സമ്മാന തുകയിൽ നിന്നും 50% (2,500/-രൂപ) എക്സിബിഷനിൽ പ്രദർശിപ്പിക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കുന്നതിനാണ്. ബാക്കി വരുന്ന 50%(2,500/-രൂപ) ജില്ലാ എക്സിബിഷനുള്ള മറ്റു ചെലവുകൾക്കും/യാത്രപ്പടിക്കും ഉപയോഗിക്കേണ്ടതുമാണ്.
3) ജില്ലാതല എക്സിബിഷനിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്ക് സംസ്ഥാനതലത്തിൽ പങ്കെടുക്കുന്നതിനുവേണ്ടിയുള്ള യാത്രപ്പടി പ്രത്യേകം അനുവദിക്കുന്നതാണ്.
4) ജില്ലാതലത്തിൽ നടത്തുന്ന എക്സിബിഷനിൽ ഓരോ ഇനവും/പ്രദർശനവും 3 പേരടങ്ങുന്ന ജഡ്ജിംഗ് പാനൽ വിലയിരുത്തേണ്ടതാണ്.

5) ജില്ലാ എക്സിബിഷനുവേണ്ടി തയ്യാറാക്കുന്ന ജഡ്ജിംഗ് പാനലിലെ ജൂറി അംഗങ്ങളിൽ 2 പേർ സർവ്വകലാശാല/കോളേജുകളിൽ നിന്നുള്ളവരായിരിക്കണം. 3-ാംമത്തെ ജൂറി അംഗം ഇൻസ്പെയർ നോമിനിയായിരിക്കും.

6) ജില്ലാ എക്സിബിഷനുകളിൽ പ്രദർശിപ്പിക്കുന്ന പ്രോജക്ടുകളിൽ നിന്നും മികച്ച 10% പ്രോജക്ടുകൾ തെരഞ്ഞെടുക്കുകയും അർഹരായവരുടെ പേരു വിവരം ഇനം തിരിച്ച് അന്നേദിവസം തന്നെ സംസ്ഥാന നോഡൽ ഓഫീസറെ അറിയിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ യാതൊരു വീഴ്ചയും ഉണ്ടാവാൻ പാടില്ല. ജില്ലാതലത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന പ്രോജക്ടുകൾ സംസ്ഥാന തല എക്സിബിഷനിൽ പ്രദർശിപ്പിക്കേണ്ടതും, സംസ്ഥാന തലത്തിൽ പ്രദർശിപ്പിക്കുന്നവയിൽ നിന്നും 10% പ്രോജക്ടുകൾ ദേശീയതലത്തിൽ നടക്കുന്ന ഇൻസ്പെയർ എക്സിബിഷനിലും അവതരിപ്പിക്കേണ്ടതാണ്.

7) ജില്ലാ കോ-ഓർഡിനേറ്റർമാരായ വിദ്യാഭ്യാസ ഉപഡയറക്ടർമാർ (ജില്ലാ നോഡൽ ഓഫീസർ) ജില്ലാതല എക്സിബിഷനുവേണ്ടിയുള്ള വിഷയങ്ങൾ തെരഞ്ഞെടുക്കുകയും വിവരം അടിയന്തിരമായി സംസ്ഥാന നോഡൽ ഓഫീസറെ(സി.പി.ഒ) അറിയിക്കേണ്ടതുമാണ്.

8) എക്സിബിഷനുമായി ബന്ധപ്പെട്ട് എത്തുന്ന ഓഫീഷ്യൽസിനും മറ്റുള്ളവർക്കും യാത്രപ്പടി അതാതു ജില്ലകൾ നൽകേണ്ടതാണ്.

9) ഇൻസ്പെയർ അവാർഡിന് തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾ (10-ാം ക്ലാസ്സ് പാസ്സായി പുറത്ത് പോയവർ ഉൾപ്പെടെ) എല്ലാവരും എക്സിബിഷനിൽ പങ്കെടുക്കുന്നുണ്ട് എന്ന് വിദ്യാഭ്യാസ ഉപഡയറക്ടർമാർ/കോ-ഓർഡിനേറ്റർമാർ ഉറപ്പു വരുത്തേണ്ടതാണ്. എന്നാൽ കഴിഞ്ഞ ജില്ലാതല എക്സിബിഷനിൽ പങ്കെടുത്തവർ ഇപ്പോൾ പങ്കെടുക്കാൻ പാടില്ലാത്തതാകുന്നു.

10) ജഡ്ജിംഗ് പാനൽ അംഗങ്ങളുടെ പേരു വിവരം സംസ്ഥാന നോഡൽ ഓഫീസറെ മുൻകൂട്ടി ഇ-മെയിൽ ഐഡിയായ **dpiplanning@gmail.com** വഴി നിർബന്ധമായും അറിയിക്കേണ്ടതാണ്.

11) ജില്ലാതല എക്സിബിഷന് ആവശ്യമായ ഫണ്ട് ജില്ലാ നോഡൽ ഓഫീസർക്ക്, സംസ്ഥാന നോഡീൽ ഓഫീസർ അനുവദിക്കുന്നതാണ്.

.......3

12) എക്സിബിഷൻ പൂർത്തിയായി ഒരാഴ്ചയ്ക്കുള്ളിൽ എക്സിബിഷൻ സംബന്ധിച്ച വരവു ചെലവു കണക്കുകൾ സെറ്റിൽ ചെയ്യേണ്ടതാണ്.

13) ഇൻസ്പെയർ അവാർഡിന് അർഹരായ കുട്ടികൾ ജില്ലയ്ക്ക് പുറത്താണെങ്കിൽ അവർക്ക് അവാർഡ് കൈപ്പറ്റിയ ജില്ലയിൽ പ്രോജക്ട് അവതരിപ്പിക്കാൻ വിദ്യാഭ്യാസ ഉപഡയറക്ടർ, കോ-ഓർഡിനേറ്റർ സൗകര്യം ചെയ്തുകൊടുക്കേണ്ടതാണ്.

14) ഈ വർഷത്തെ ജില്ലാതല എക്സിബിഷൻ 2014 ജൂലൈ 31നകം പൂർത്തിയാക്കിയിരിക്കണം.

15) ജില്ലാതല എക്സിബിഷൻ തീയതിയും, സ്ഥലവും അറിയിക്കുന്ന മുറയ്ക്ക് ഫണ്ട് അനുവദിക്കുന്നതാണ്.

16) 100ൽ താഴെ അവാർഡ് എണ്ണം ഉള്ള ജില്ലകൾ തൊട്ട് അടുത്ത ജില്ലയുമായി ചേർന്ന് എക്സിബിഷൻ നടത്തേണ്ടതാണ്.

സംയുക്തമായി എക്സിബിഷൻ നടത്തുകയും ജില്ല തിരിച്ചുള്ള സംസ്ഥാനതല എക്സിബിഷൻ പ്രാതിനിധ്യത്തോടുകൂടി കുട്ടികളെ അയക്കേണ്ടതാണ്.

പൊതു വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി